**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6811** **11-07-2024 - ൽ മറുപടിയ്ക്ക്**

**ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | എന്റെ ഭൂമി പദ്ധതി നടപ്പിലാക്കിയാൽ ആധാരം എഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടും എന്ന ആശങ്ക പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പരിഷ്കാരങ്ങൾമൂലം നിലവിൽ ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഇല്ലാത്തതും, ആധാരമെഴുത്തുകാരെ ഒഴിവാക്കുന്നതിനുള്ള തീരുമാനങ്ങളൊന്നും നാളിതുവരെ വകുപ്പിൽ നിന്നും എടുത്തിട്ടില്ലാത്തതുമാണ്.<br><br>സർവ്വെ-റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളിലെ നടപടിക്രമങ്ങളുടെ ഭാഗമായുള്ള വിവരകൈമാറ്റം സുതാര്യമാക്കുന്നതിനും വിവരങ്ങൾ തമ്മിലുള്ള പൊരുത്തക്കേടുകൾ ഒഴിവാക്കപ്പെടുന്നതിനും ഏകജാലക പോർട്ടൽ എന്ന ആശയം പ്രയോജനകരമായിരിക്കും എന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് "എന്റെ ഭൂമി" പോർട്ടൽ നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയാൽ ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടും എന്ന ആശങ്കയക്ക് അടിസ്ഥാനമില്ലാത്തതാണ്.<br><br>ഈ സൗകര്യങ്ങൾ നടപ്പിലാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കാതിരിക്കുവാൻ ആധാരമെഴുത്ത് മേഖലയിലുള്ളവർക്ക് ആവശ്യമെങ്കിൽ പരിശീലനം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. മാത്രമല്ല, വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ആധാരമെഴുത്ത് സംഘടനാ പ്രതിനിധികളുടെ ഒരു യോഗം വിളിച്ചു ചേർക്കാൻ സർക്കാർ തീരുമാനിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഡിജിറ്റൽ സർവേ പൂർത്തിയായാൽ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കാൻ കഴിയുമോ; വിശദമാക്കാമോ; | (ബി) | ഡിജിറ്റൽ സർവ്വെ പൂർത്തിയാകുന്നതോടുകൂടി ഭൂമിയുടെ ന്യായവിലയും പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. |
| (സി) | വ്യക്തികൾക്ക് സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യാമെന്ന സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെടുന്ന ആധാരം എഴുത്തുകാരുടെ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | വ്യക്തികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യാമെന്ന സർക്കാരിന്റെ പുതിയ നയത്തിന്റെ ഭാഗമായി നിലവിൽ ആധാരം എഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുമെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ